(എഫ്) ഏതെല്ലാം നാടുകളിൽ നിന്നാണവ എത്തുന്നത് ;

(ജി) ഇവയുടെ സുരക്ഷിതത്വത്തിന് സ്വീകരിച്ചിട്ടുള്ള നടപടിയെന്ത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശാടനക്കിളികൾ സംസ്ഥാനത്തുടനീളം എത്താറുണ്ട്.

(ബി) ഒക്ടോബർ മുതൽ മാർച്ച് മാസം വരെ

(സി) ഉണ്ട്.

(ഡി) നവംബർ മുതൽ ഡിസംബർ വരെ.

(ഇ) ഉദ്ദേശം എട്ടോളം ഇനം പക്ഷികൾ എത്താറുണ്ട്.

(എഫ്) ശ്രീലങ്ക, സിംബാവേ, സാമ്പിയ, റഷ്യ, ഇംഗ്ലണ്ട്, ചൈന, ജപ്പാൻ, എന്നീ രാജ്യങ്ങളിൽ നിന്നാണ് വരുന്നതെന്ന് അനുമാനിക്കുന്നു.

(ജി) വന്യജീവി സംരക്ഷണ നിയമം ശക്തമായി നടപ്പിലാക്കുക, പൊതുജനങ്ങളിൽ പക്ഷികൾക്ക് സുരക്ഷിതത്വം നൽകുന്നതിനുള്ള അവബോധം സൃഷ്ടിക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സിന് കെട്ടിടനിർമ്മാണം

101 (3310) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ഉമയനല്ലൂർ പ്രിന്റിംഗ് പ്രസ്സ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രസ്സിനുവേണ്ടി മുൻവകുപ്പുമന്ത്രി തറക്കല്ലിട്ട കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly